Public meetings—near Cranganur Temple.

364. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിനു കിഴക്കുവശമുള്ള മൈതാനത്തിൽ പൊതുയോഗങ്ങൾ കൂടുവാൻ പാടില്ലെന്നു വല്ല നിരോധനവും ചെയ്തിട്ടുണ്ടോ;

(b) ഉവ്വ് എങ്കിൽ അതിന്റെ ഔചിത്യമെന്തു";

(c) ഈ സംഗതിയെസംബന്ധിച്ചു സ്ഥലം പൊല്ലീസ് ഇൻസ്പെക്ടരുടെയും മജിസ്ട്രേട്ടിന്റെയും റിപ്പോർട്ടുകൾ മേശപ്പുറത്തു വെക്കുമോ;

(d) കൊടുങ്ങല്ലൂർ ടൌണിലൊ അതിന്റെ പരിസരങ്ങളിലൊ പൊതുയോഗങ്ങൾ കൂടുവാൻ സൌകര്യമുള്ള വല്ല സ്ഥലവും ഉണ്ടൊ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—(a) ഇതുവരെ ഇല്ല. മൈതാനം പുറമ്പോക്കാണു".

(b) and (c) മുൻചോദ്യത്തിനുള്ള മറുപടികൊണ്ടു" ഈ ചോദ്യങ്ങൾക്കു സമാധാനം ആവശ്യമില്ല.

(d) ഉണ്ടു".

Line Boats—Jetties.

365. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) എറണാകുളം ജെട്ടിയിൽ മിവസംപ്രതി എത്ര ലയിൻബോട്ടുകൾ അടുക്കയും പോകയും ചെയ്യുന്നുണ്ടു";

(b) സ്ഥലസൌകര്യമില്ലായ്മയാൽ ബോട്ടുകാരും യാത്രക്കാരും ബുദ്ധിമുട്ടിവരുന്ന വിവരം ഗവമ്മെണ്ടിനറിയാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഫ്ലാഗ് സ്റ്റേഷനുകളിലത്തെ ഗവമ്മെണ്ടു" ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ബോട്ടുകളുടെ പോക്കുവരവു" സമയപട്ടിക നോക്കുക. അതിന്റെ ഒരു പകർപ്പു കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

(b) ഗവമ്മെണ്ടറിഞ്ഞിട്ടുണ്ടു". സ്ഥലം സൌകര്യപ്പെടുത്താൻ വേണ്ട മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടു".

Azhikode—Landing place.

366. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—രാത്രിയിൽ നാലഞ്ചു ലയിൻ ബോട്ടുകളും അനവധി വഞ്ചികളും വന്നടുക്കുന്ന അഴീക്കോട് കടത്തുകടവിൽ വിളക്കുകൾ വയ്ക്കാതിരിക്കുന്നതിനു കാരണം പറയുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—കായലിന്റെ എല്ലാപ്രധാന സ്ഥലങ്ങളിലും ജെട്ടികൾ ഉണ്ടാക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും എഗ്രിമെണ്ടുകൾ ചെയ്യുവരുന്നുണ്ടു". ഈ ജെട്ടികൾ പണിയുന്നതോടുകൂടി വിളക്കുകളും വെയ്ക്കുന്നതാണു".

L. S. School, Chelakkara.

367. Mr. C. A. Kunjunni Raja.—Will the Government be pleased to state.—

(a) what is the average No. of (1) girls and (2) boys in each of the classes in the Sirkar L. S. School, Chelakkara for the last three school years and the average number of girls in each of the classes in the aided Girls' School at Chelakkara ever since grant-in-aid was given for the same;

LIBRARY ARCHIVES Kerala Legislative Assembly